കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭ- ആധുനിക രീതിയിലുള്ള മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2249/2018/ തസ്വഭവ തിരുവനന്തപുരം, തീയതി,14.08.2018.

പരാമർശം: 1 . 29.07.2009-ലെ സ ഉ(എം.എസ്)147/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2. പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ 2280832/2018(MLSGI)നമ്പർ കത്ത്

3. നഗരകാര്യ ഡയറക്ടറുടെ 07/06/2018 ലെ ഡി.സി3/12056/2018 നമ്പർ കത്ത്

## ഉത്തരവ്

പെരിന്തൽമണ്ണ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പെരിന്തൽമണ്ണ വില്ലേജിലെ 40/11-ാം നമ്പർ സർവ്വെ നമ്പരിൽ സ്ഥിതിചെയ്യുന്ന നിലവിലെ മാർക്കറ്റ് പൊട്ടിപ്പൊളിഞ്ഞതും അപകടാവസ്ഥയിലും ആയതിനാൽ പ്രസ്തുത മാർക്കറ്റ് പൊളിച്ചുമാറ്റി ആധുനിക രീതിയിലുള്ള മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി ഹഡ്കോയിൽ നിന്നും 10.20% പലിശ നിരക്കിൽ 20 കോടി രൂപ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള പെരിന്തൽമണ്ണ വില്ലേജിൽ 40/11 സർവ്വെ നമ്പരിലുള്ള 2.73 ഏക്കർ സ്ഥലം ഹഡ്കോയ്ക്ക് ഈട് നൽകി, വായ്പയെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി ഹഡ്കോയിൽ നിന്നുമെടുക്കുന്ന വായ്പ തുക ഏതെങ്കിലും സാഹചര്യത്തിൽ തിരിച്ചടവിൽ വീഴ്ച വരുന്ന പക്ഷം നഗരസഭയ്ക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഹഡ്കോയ്ക്ക് നൽകുന്നതിന് സമ്മതമാണെന്ന് നഗരസഭ തീരുമാനമെടുത്തിട്ടുമുണ്ടെന്ന് അറിയിച്ചുകൊണ്ടും പരാമർശം (2) പ്രകാരം പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ മേൽ അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയിൽ ആധുനിക രീതിയിലുള്ള മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി, പെരിന്തൽമണ്ണ വില്ലേജിൽ 40/11 സർവ്വെ നമ്പരിലുള്ള 2.73 ഏക്കർ സ്ഥലവും അതിൽ പണിയുന്ന മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സും ജാമ്യമായി നൽകിക്കൊണ്ട്, ഹഡ്കോയിൽ നിന്നും 10.20% ഫിക്സഡ് പലിശ നിരക്കിൽ 20 കോടി

(..........2)

രൂപ വായ്പ എടുക്കുന്നതിന്, പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെയും കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരവും പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരസഭ ചെയർ പേഴ്സൺ, പെരിന്തൽമണ്ണ നഗരസഭ
നഗരസഭ സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ്, ഡിബി2/116/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ